**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4213** **09-08-2021 - ൽ മറുപടിയ്ക്ക്**

**ജൂനിയർ സൂപ്രണ്ട് ഹയർ ഗ്രേഡ് പ്രൊമോഷൻ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം നൗഷാദ്** | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | 01/07/17 മുതൽ 31/12/17 വരെ കാലയളവിലുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജൂനിയർ സൂപ്രണ്ടുമാർക്ക് ഹയർ ഗ്രേഡ് നൽകി 15/2/21-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ തീയതിക്ക് ശേഷമുള്ളവർക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതിന് പ്രൊവിഷണൽ സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ ലിസ്റ്റ് 2021 ആഗസ്റ്റ് മാസം തന്നെ പ്രസിദ്ധീകരിച്ച് ഗ്രേഡ് പ്രൊമോഷൻ നൽകുന്നതാണ്. |
| (ബി) | നിലവിൽ എത്രപേർക്ക് ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകാനുണ്ടെന്നും പ്രസ്തുത പ്രൊമോഷൻ ഉത്തരവ് എന്നത്തേയ്ക്ക് പുറപ്പെടുവിക്കുമെന്നും വിശദമാക്കാമോ? | (ബി) | ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാരുടെ പുതിയ സീനിയോറിറ്റി പട്ടിക ഫൈനലൈസ് ചെയ്തതിന് ശേഷം മാത്രമേ എത്ര പേർക്ക് ഹയർ ഗ്രേഡ് സ്ഥാനക്കയറ്റം നൽകാനുണ്ട് എന്നുള്ള വിവരം അറിയാൻ സാധിക്കുകയുള്ളൂ. അടുത്ത ഹയർ ഗ്രേഡ് പ്രൊമോഷൻ ഉത്തരവ് 2021 ആഗസ്റ്റ് മാസം തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ